**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1680** — **08-10-2021 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി ശാസ്ത്ര കേന്ദ്രത്തിലെ നിർമ്മാണപ്രവർത്തനങ്ങളിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിന്റെ ചാലക്കുടി ശാസ്ത്ര കേന്ദ്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ അഴിമതി, നിയമനങ്ങളിൽ ക്രമക്കേട് എന്നിവ ആരോപിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം ചാലക്കുടി ശാസ്ത്ര കേന്ദ്രത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. സ്വീകരിച്ച വരുന്ന നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഈ പരാതികളിന്മേൽ സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവശ്യപ്പെട്ട തിയതി വ്യക്തമാക്കുമോ; | (ബി) | കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം ചാലക്കുടി ശാസ്ത്ര കേന്ദ്രത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. സ്വീകരിച്ച വരുന്ന നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വിശദീകരണം ലഭ്യമായിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (സി) | ലഭ്യമായ റിപ്പോർട്ടുകൾ ഉള്ളടക്കം ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പരാതികൾ | നിലവിലെ സ്ഥിതി | കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം മറുപടി നൽകിയ തീയിതി |
|---|---|---|
| 1 | 25.07.2019-ന് കേരള ശാസ്ത്ര സാങ്കേ തിക മ്യൂസിയം ഡയറക്ടറിൽ നിന്നും വിശദീകരണം ആവ ശ്യപ്പെട്ടിട്ടുണ്ട് | 17.09.2021 (റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.) |
| 2 | 26.08.2019-ന് കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട് | നൽകിയിട്ടില്ല. |
| 3 | 02.07.2019-ന് കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട് | നൽകിയിട്ടില്ല. |
| 4 | 04.09.2020-ന്കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട് | നൽകിയിട്ടില്ല. |
| 5 | 31.07.2019-ലെ സ.ഉ.(സാധാ) നം. 1335/2019/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തെ സംബന്ധിച്ച് ഉയർന്ന അഴിമതിയും കെട്ടുകാര്യസ്ഥതയും സംബന്ധിച്ച് അന്വേഷണം നടത്തു ന്നതിനായി കമ്മിറ്റി രൂപീകരിച്ചിരുന്നു. 27.08.2021-ന് പ്രസ്തുത കമ്മിറ്റി പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. | |

സെക്ഷൻ ഓഫീസർ.

**KERALA STATE SCIENCE AND TECHNOLOGY MUSEUM**
**& PRIYADARSINI PLANETARIUM**
*(Govt. of Kerala)*
Vikas Bhavan P.O., Thiruvananthapuram - 695 033, India. Ph: 0471 2306024, 2306025, Fax: 2304286. Email:directorksstm@gmail.com

150 YEARS OF CELEBRATING THE MAHATMA

Ref: Date:

നം ബി/128/19 15/09/2021

പ്രേഷിതൻ

ഡയറക്ടർ

സ്വീകർത്താവ്

ബഹു. ഉന്നത വിദ്യാഭ്യാസ അഡീഷൽ ചീഫ് സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ്- കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം- ചാലക്കുടി മേഖലാശാസ്ത്ര കേന്ദ്രം - നിർമ്മാണത്തിലുള്ള അപാകതയെ കുറിച്ചുള്ള ആരോപണം- ശ്രീ. ജയരാമനിൽ നിന്നും ലഭിച്ച പരാതി - റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന:- 1. ഉന്നത വിദ്യാഭ്യാസ വകുപ്പ്- കത്ത് നം.കെ2/133/2019/ഉവിവ തീയതി 25/7/2019
2. ഉന്നത വിദ്യാഭ്യാസ വകുപ്പ്- കത്ത് നമ്പർ കെ2/133/2019 ഉവിവ തീയതി 5/8/2021

സൂചനയിലെ കത്തുകൾക്ക് അനുബന്ധമായി ചേർത്തിരുന്ന ശ്രീ.ജയരാമൻ.കെ, കാർത്തിക ഭവൻ, ആലുക്കാട്, പൂന്തുറ പി.ഒ,, തിരുവനന്തപുരം, എന്ന വ്യക്തിയുടെ പരാതിയിലെ ആരോപണങ്ങളെക്കുറിച്ച് ഫയലുകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ചാലക്കുടിയിൽ നിർമ്മിച്ച മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ ആദ്യ ഘട്ടമായി വിവിധ ശാസ്ത്രഗാലറികളും ശാസ്ത്രപാർക്കും ആണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ നിർമ്മാണമധ്യേ പ്ലാനറ്റേറിയം, 3ഡി തീയേറ്റർ, ഇന്നവേഷൻ ഹബ്ബ് എന്നിവ കൂടി സ്ഥാപിക്കാൻ തീരുമാനിച്ചതായി കാണുന്നു.

1. <u>പ്ലാനറ്റേറിയം കെട്ടിടം</u>

ബന്ധപ്പെട്ട ഫയൽരേഖകളിൽ അനുസരിച്ച് പ്ലാനറ്റേറിയം കെട്ടിടത്തിന്റെ രൂപരേഖയും എസ്റ്റിമേറ്റും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ് സമർപ്പിച്ചിരിക്കുന്നത്. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ രൂപരേഖ

പ്രകാരം structural design നൽകാനായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം എൽ.ബി. എസ് സെന്ററിനെ ചുമതലപ്പെടുത്തുകയും അവർ അത് നൽകുകയും ചെയ്തതായി കാണുന്നു. പരാതിയിൽ പറഞ്ഞിരിക്കുന്നതുപോലെ നിർമ്മാണ ചുമതല കരാർ (PMC കരാർ) അല്ല ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് നൽകിയിരിക്കുന്നത്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ 16/2/2016-ലെ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം പ്രസ്തുത ജോലി പൊതു മേഖല സ്ഥാപനമായ M/S HLL -ന് PMC ആയി നൽകാനായിരുന്നു. എന്നാൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 21/12/2016 ലെ യോഗം പ്ലാനറ്റേറിയം കെട്ടിട നിർമ്മാണം 7% PMC ചാർജ്ജ് നിരക്കിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് നൽകുവാൻ തീരുമാനിച്ചതായി കാണുന്നു. തുടർന്ന് 25/3/2017 ൽ ഈ നിർമ്മാണപ്രവർത്തി നിർവഹിക്കുന്നതിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായി 1,90,73,241/- അടങ്കൽ തുകയും 6.5% സെന്റേജ് ചാർജ്ജും ഉൾപ്പെടെ Direct Execution വ്യവസ്ഥയിൽ 12 മാസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ വർക്ക് ഓർഡർ നൽകിയതായി കാണുന്നു. എന്നാൽ തുടർന്ന് 29/3/2017 - ൽ ഒപ്പുവച്ച കരാർ പ്രകാരം 13 മാസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കണം എന്ന് കാണുന്നു. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 9/5/2017 ൽ സൈറ്റ് കൈമാറിയതായി കാണുന്നു. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് ഈ രീതിയിൽ പ്രവർത്തി നൽകിയത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനും, നിലവിലുള്ള ചട്ടങ്ങൾക്കും വിരുദ്ധമായിട്ടാണ്.

ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് 'Low Cost Construction works" മാത്രം Direct Execution ആയി ഏറ്റെടുത്ത് നടത്തുന്നതിനുള്ള ഒരു സർക്കാർ അംഗീകൃത ഏജൻസി മാത്രമാണ്. എന്നിരിക്കെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ രൂപരേഖയും എസ്റ്റിമേറ്റും പ്രസ്തുത ഏജൻസിയിൽ നിന്നും മാത്രം വാങ്ങിയ മ്യൂസിയത്തിന്റെ നടപടി ചട്ട വിരുദ്ധമാണ്. തുടർന്ന് നിർമ്മാണ ജോലിക്കായി മറ്റ് സർക്കാർ നിയന്ത്രിത ഏജൻസികൾ ഉൾപ്പടെ ഉള്ളവരിൽ നിന്നും താത്പര്യ പത്രം ക്ഷണിക്കാതെ, എസ്റ്റിമേറ്റ് തയ്യാറാക്കിയ സ്ഥാപനത്തിന് തന്നെ PMC ആയി നിർമ്മാണ ജോലിയും നൽകാനായി സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മുമ്പാകെ നിർദ്ദേശം വച്ച ശേഷം അതിനു വിരുദ്ധമായി Direct Execution പ്രകാരം work Order നൽകിയ മ്യൂസിയത്തിന്റെ നടപടിയും നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. കൂടാതെ 6.5 % സെന്റേജ് ചാർജ്ജ് അനുവദിക്കുമ്പോൾ structural design മ്യൂസിയം തന്നെ ചെയ്യിക്കുന്നതും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്.

ബന്ധപ്പെട്ട ഫയൽ രേഖകളിൽ നിന്നും ഈ പ്ലാനറ്റേറിയം കെട്ടിടം 15 മീറ്റർ തിരശ്ചീന ഡോം (Horizontal Dome) ഉൾക്കൊള്ളിക്കാനായാണ് വിഭാവനം ചെയ്തിരുന്നത്. തിരുവനന്തപുരം പ്ലാനറ്റേറിയത്തിൽ നിന്നും 2014 ൽ പൊളിച്ചു മാറ്റിയ തിരശ്ചീന ഡോം ചാലക്കുടിയിൽ സ്ഥാപിക്കാം എന്ന്

കാണിച്ചാണ് തിരുവനന്തപുരം പ്ലാനറ്റേറിയം ഡോം പൊളിക്കാൻ അനുമതി വാങ്ങിയത്. ഈ പൊളിച്ച പ്ലാനറ്റേറിയം ഡോം വീണ്ടും പുനരുപയോഗിക്കുന്നത് തീർത്തും അസാദ്ധ്യമാണെന്നും ആയതിനാൽ തീരുമാനം പുനഃപരിശോധിക്കണക്കണമെന്നും മ്യൂസിയത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഹാബിറ്റാറ്റുമായി കരാറിൽ ഏർപ്പെടുന്നതിനു മുമ്പ് തന്നെ (22/2/17 മുതൽ) പലതവണ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ നിർമ്മാണത്തിലെ തൂണുകൾ ഡോം ലെവലിൽ എത്തുന്നതുവരെ അന്നത്തെ ഡയറക്ടറോ, ജോയിന്റ് ഡയറക്ടറോ ഇതിൽ തീരുമാനം എടുത്തില്ല.

തുടർന്ന് 23/9/2017-ൽ ഹാബിറ്റാറ്റ് ഗ്രൂപ്പ് Dome support നെ കുറിച്ച് ചില വ്യക്തതകൾ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ജോയിന്റ് ഡയറക്ടറും, ഡയറക്ടറും Horizontal dome ന് പകരം Tilted dome സ്ഥാപിക്കാം എന്ന തീരുമാനം എടുക്കുകയുണ്ടായി. ഇതിനായി ഇപ്പോൾ Tilted dome ആണ് നിലവിലുള്ളതെന്നും ആയതിനാൽ Horizontal dome സ്ഥാപിക്കുന്നത് ഉചിതമല്ലെന്നും ഉള്ള കാരണം ബോധിപ്പിച്ച് Horizontal dome ന് പകരം Tilted dome സ്ഥാപിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനം എടുക്കുകയുണ്ടായി. എന്നാൽ 2012-ൽ തന്നെ ഇതേ ഡയറക്ടർ തിരുവന്തപുരം പ്ലാനറ്റേറിയം പുതുക്കുന്നതിന് തീരുമാനിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് ബോഡി മീറ്റിംഗുകളിൽ Horizontal dome ഇപ്പോൾ നിലവിലില്ലായെന്നും Tilted dome ആണ് ഇനി സ്ഥാപിക്കേണ്ടി വരിക എന്നും ബോധിപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിലാണ് 2014-ൽ പൊളിച്ചു മാറ്റിയ Dome സ്ഥാപിക്കാൻ അനുയോജ്യമല്ലായെന്ന് 2017 -ൽ പ്ലാനറ്റേറിയം നിർമ്മാണ ജോലി Dome ലെവലിൽ എത്തിയ ശേഷം തീരുമാനം എടുത്തത്.

പുതിയ tilted ഡോം സ്ഥാപിക്കാനായി ഏകദേശം 1.5 മീറ്റർ കൂടി കെട്ടിടത്തിന്റെ ഉയരം വർദ്ധിപ്പിക്കേണ്ടി വന്നു. ഈ രീതിയിലുള്ള മാറ്റം കെട്ടിടത്തിന്റെ structural design ലും അഗ്നിശമന സംവിധാനങ്ങളിലും മാറ്റം വരുത്തി. എന്നാൽ പുതിയതായി structural design എൽ.ബി.എസിൽ നിന്നും വാങ്ങിയതായി ഫയൽ രേഖകളിൽ കാണുന്നില്ല. അഗ്നിശമന സംവിധാനത്തിൽ പുതിയ ഭൂഗർഭ ജലസംഭരണിയും കെട്ടിടത്തിന് മുകളിൽ മറ്റൊരു ജലസംഭരണിയും അനുബന്ധസംവിധാനങ്ങളും ഒരുക്കേണ്ടതായി വന്നു. ഇങ്ങനെ നിർമ്മാണത്തിനായി കൂടുതൽ തുക ചെലവാക്കേണ്ടതായും വന്നു. നിർമ്മാണത്തിൽ കാലതാമസം വന്നതിനാൽ പലതവണ കരാർ ദീർഘിപ്പിച്ച് നൽകിയതായി കാണുന്നു.

നിർമ്മാണം ഏകദേശം പകുതിയോളം പിന്നിട്ടശേഷം വരുത്തിയ മാറ്റം കാരണം മേൽ പ്രസ്താവിച്ച അധിക ജോലികൾക്കായി ഹാബിറ്റാറ്റ് ഗ്രൂപ്പ് എസ്റ്റിമേറ്റും, രൂപരേഖകളും പലതവണ സമർപ്പിച്ച് അനുമതി ആവശ്യപ്പെട്ടുവെങ്കിലും ഡെപ്യൂട്ടി ഡയറക്ടറും, ജോയിന്റ് ഡയറക്ടറും വേണ്ടുന്ന

1

യാതൊരു നിർദ്ദേശങ്ങളും നൽകാതെയും അനാവശ്യ കുറിപ്പുകളാലും തീരുമാനം നീട്ടികൊണ്ടു പോകുകയുണ്ടായതായി കാണുന്നു. ഈ നടപടി നിർമ്മാണ പുരോഗതിയെ സാരമായി ബാധിക്കുമെന്നും സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയാത്ത സ്ഥിതി ഉണ്ടാക്കുമെന്നും പലതവണ അന്നത്തെ അക്കൗണ്ട്സ് ഓഫീസറും ഡയറക്ടറും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി തീരുമാനം എടുത്ത് അറിയിക്കാത്ത കാര്യവും അതുമൂലം കരാർ കാലവധി അവസാനിക്കുന്നതിനു മൂൻപ് പണി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ കരാർ കാലാവധി നീട്ടി നൽകണമെന്നും ഹാബിറ്റാറ്റ് ഗ്രൂപ്പ് പലതവണ ആവശ്യപ്പെട്ടിരുന്നതായും ഫയലിൽ കാണുന്നു. എന്നാൽ കരാർ കാലാവധി അവസാനിച്ച ശേഷം അതിനു വളരെ മുമ്പ് തന്നെ നൽകിയ ജോലികൾക്ക് അനുമതി നൽകുകയും 'കരാർ കാലാവധിയ്ക്ക് മുമ്പ് പണി പൂർത്തിയാക്കാത്തതിനാൽ' ഹാബിറ്റാറ്റ് ഗ്രൂപ്പിൽ നിന്ന് 'പെനാൽറ്റി' ഈടാക്കണമെന്നും ജോയിന്റ് ഡയറക്ടർ ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തു.

മ്യൂസിയത്തിന്റെ അധികാരികളിൽ നിന്നും സംഭവിച്ച മേൽ പ്രസ്താവിച്ച ഗുരുതര പിഴവുകൾ കാരണം 2018-ൽ പൂർത്തീകരിക്കേണ്ട പണി 2021 ജനുവരി മാസത്തോടുകൂടിയാണ് പൂർത്തിയായത്. തന്മൂലം പ്ലാനറ്റേറിയം ഉപകരണങ്ങൾ സമയബന്ധിതമായി സ്ഥാപിക്കാൻ സാധിക്കാതെ വരുകയും സ്ഥാപനത്തിന് ഭീമമായ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

ഹാബിറ്റാറ്റിന് നൽകിയ കരാറിലെ ഐറ്റം നം. 349 പ്രാകാരം ഡോമിന് താഴെ 50 മി.മി കനത്തിൽ ഗ്ലാസ് വൂൾ കൊണ്ട് തെർമൽ ഇൻസുലേഷൻ ഘടിപ്പിക്കേണ്ടതായിട്ടുണ്ടായിരുന്നു. എന്നാൽ ടി ജോലി ഹാബിറ്റാറ്റ് ചെയ്തതായി കാണുന്നില്ല. കൂടാതെ ഐറ്റം 29 b പ്രകാരം ഡോം കോൺക്രീറ്റിന് പുറത്ത് പ്ലാസ്റ്റർ ചെയ്ത് ഐറ്റം നമ്പർ 29.a പ്രാകാരം വാട്ടർ പ്രൂഫിങ്ങ് നൽകേണ്ടതായിരുന്നു. എന്നാൽ പരുക്കനായ ഡോം കോൺക്രീറ്റിന്റെ മുകളിൽ വാട്ടർ പ്രൂഫ് ചെയ്ത് മാസങ്ങൾക്ക് ശേഷമാണ് ചോർച്ച കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റർ ചെയ്തത്. വാട്ടർ പ്രൂഫിങ്ങിന് മുകളിൽ ആവശ്യമായ " Surface treatment" വേണ്ട വിധത്തിൽ നടത്താതെ പ്ലാസ്റ്റർ ചെയ്തതിനാൽ പ്ളാസ്റ്റർ അടർന്ന് മാറി നിൽക്കുന്ന അവസ്ഥയിലാണ്.

ടി പ്രവർത്തിയുടെ പേയ്മെന്റ് പല ഗഡുക്കളായി അഡ്വാൻസ് ആയാണ് നൽകിയിരിക്കുന്നത്. 7 ഗഡുക്കളായി 1,75,55,722 രൂപ നാളിതുവരെ നൽകിയതായി കാണുന്നു. ടി തുക നൽകിയ വേളകളിലൊന്നും മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തി നിയമപരമായ സാക്ഷ്യപ്പെടുത്തലുകൾ ഒന്നും തന്നെ നിർവ്വഹിച്ചതായി കാണുന്നില്ല. എന്നാൽ കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ സിവിൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അദ്ദേഹം വിരമിക്കുന്നതിന് തൊട്ടുമുൻപ് 2020 ജൂൺ മാസത്തിൽ കുറച്ച് എം ബുക്കുകൾ നൽകി. പുറമെ കാണുന്ന അളവുകൾ മാത്രമാണ് രേഖപ്പെടുത്തിയിരുന്നതെന്നും പ്രവർത്തിയുടെ ക്വാളിറ്റി സർട്ടിഫിക്കേഷൻ ഹാബിറ്റാറ്റ് ടെക്നോളജി

ഗ്രൂപ്പിൽ നിന്നും വാങ്ങണമെന്നും ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നു. ഈ രീതിയിൽ പേയ്മെൻ നടത്തുന്നതും പ്രവർത്തിയുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്താത്തതും നിയമവിരുദ്ധമായ നടപടിയാണ്.

Dome ന് ഉള്ളിൽ കരാറിലെ ഐറ്റം നം. 349 പ്രകാരം ഹാബിറ്റാറ്റ് ഏകദേശം 3 ലക്ഷം രൂപയ്ക്ക് ചെയ്യേണ്ടതായ തെർമൽ ഇൻസുലേഷൻ അവരെ കൊണ്ട് ചെയ്യിക്കാതെ മ്യൂസിയം നേരിട്ട് പ്രസ്തുത തുകയുടെ ഏകദേശം 2.5 ഇരട്ടി തുക ചെലവിട്ട് ചെയ്യാൻ ധൃതഗതിയിൽ തീരുമാനിച്ചതായി കാണുന്നു. ആയതിലേക്ക് മ്യൂസിയത്തിലെ സിവിൽ വിഭാഗത്തിന്റെ അഭിപ്രായം പോലും പരിഗണിക്കാതെ ഡെപ്യൂട്ടി ഡയറക്ടറും, ജോയിന്റ് ഡയറക്ടറും, ഡയറക്ടറുമായി തീരുമാനം എടുത്തതായി കാണുന്നു. കൂടാതെ Dome supply ചെയ്ത 'RSA Cosmos'എന്ന കരാർ ഏജൻസി Dome ന് മുകളിൽ അകൗസ്റ്റിക് പാനലിംഗ് ചെയ്യാതെ തന്നെ അതേ നിലവാരം ലഭിക്കുന്നതിനായി "Blackcoat Insulation Sheet" 'Dome' നോടൊപ്പം നൽകിയിട്ടുണ്ട്. ഇതൊന്നും വിലയിരുത്താതെയുള്ള പ്രവർത്തി കാരണം സ്ഥാപനത്തിന് ഏകദേശം 8 ലക്ഷം രൂപയോളം നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ടി കെട്ടിടം കൈമാറുന്നതിന് മുൻപ് ശാസ്ത്ര സാങ്കേതിക മ്യൂസിയം 2" തടി റീപ്പറുകളും റോക്ക് വൂളും ഉപയോഗിച്ച് ഡോം സീലിംഗിൽ അകൗസ്റ്റിക് പാനലിംഗ് നിർവ്വഹിച്ചതായി കാണുന്നു. സാധാരണയായി മുറികളുടെ ഭിത്തികളിലാണ് ഈ രീതിയിൽ അകൗസ്റ്റിക് പാനലിംഗ് ജോലികൾ ചെയ്യുന്നത്. ഇത് സീലിംഗിൽ ചെയ്യുമ്പോൾ ഭാരക്കൂടുതൽ കൊണ്ട് ഭാവിയിൽ ഇളകിവീണ് അപകടമുണ്ടാകാൻ സാധ്യതയുണ്ട്. ടി അകൗസ്റ്റിക് പാനലുകൾ ഡോം കോൺക്രീറ്റ് തുരന്ന് സ്ക്രൂ ചെയ്ത് പിടിപ്പിച്ചിരിക്കുന്നതായാണ് കാണുന്നത്. ഒരേ നിരയിൽ ഇത്തരം നിരവധി സുഷിരങ്ങൾ ഉണ്ടാക്കുന്നത് കോൺക്രീറ്റിന്റെ ബലത്തിനെ ബാധിക്കാൻ സാധ്യതയുണ്ട്.

പ്ളാനറ്റേറിയം കെട്ടിടത്തിന്റെ നിർമ്മാണ. പ്രവർത്തികൾ ഹാബിറാറ്റ് ടെക്നോളജിഗ്രൂപ്പ് 2021 ഫെബ്രുവരി മാസം രണ്ടാം വാരത്തോടെ പൂർത്തിയാക്കി. എന്നാൽ 2021 മെയ് ജൂൺ മാസത്തെ മഴയിൽ ചെറിയ രീതിയിൽ ചോർച്ച ശ്രദ്ധയിൽപ്പെട്ടു. തുടർന്നുള്ള മഴയിൽ ചോർച്ച കഠിനമാകുകയും അകൗസ്റ്റിക് പാനലിലെ ഗ്ലാസ്‌വൂൾ വെള്ളം ശേഖരിച്ച് വീർത്ത് താഴേക്ക് പതിക്കുന്ന അവസ്ഥയിൽ നിൽക്കുന്നതായി കാണുന്നു. ഈ അകൗസ്റ്റിക് പാനലിലെ ജലം തുള്ളി തുള്ളിയായി താഴേക്ക് വീഴുന്നതായും കാണുന്നുണ്ട്. കൂടാതെ പ്ലാനറ്റേറിയം ഡോമിന്റെ വശത്തുകൂടി കഠിനമായ ചോർച്ചയും കാണുന്നുണ്ട്. ഡോമിന്റെ പുറത്ത് ചെയ്തിരിക്കുന്ന സിമന്റ് പ്ലാസ്റ്ററിംഗ് ഇളകിമാറി ഇരിക്കുന്ന അവസ്ഥയിലാണ്. ഈ കെട്ടിടം ഇപ്പോൾ ഉപയോഗിക്കാവുന്ന അവസ്ഥയിലല്ല.

കെട്ടിടത്തിൽ സ്ഥാപിക്കേണ്ട ഡോമും പ്രൊജക്ഷൻ സംവിധാനങ്ങളും RSA Cosmos എന്ന ഫ്രഞ്ച്കമ്പനി സപ്ലൈ ചെയ്തിട്ടുണ്ട്. ഈ സാമഗ്രികൾ ഗാലറി കെട്ടിടത്തിലും കഫറ്റേരിയ കെട്ടിടത്തിലുമായി സൂക്ഷിച്ചിരിക്കുകയാണ്. വിദേശത്തു നിന്നും എൻജിനീയർമാർ വരുന്ന മുറക്ക് ഈ ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കോവിഡ് -19 കാരണമുള്ള അന്തർദേശീയ യാത്രാ നിരോധനം കൊണ്ടാണ് വിദേശ എൻജിനീയർമാർമാരുടെ വരവ് താമസിക്കുന്നത്.

## 2. സയൻസ് ഗാലറി കെട്ടിടം

ചാലക്കുടി മേഖലാ ശാസ്ത്രകേന്ദ്രത്തിലെ സയൻസ് ഗാലറി കെട്ടിടത്തിന്റെ രൂപരേഖയും എസ്റ്റിമേറ്റും സമർപ്പിച്ചിരിക്കുന്നത് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ്. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി കേന്ദ്ര സർക്കാർ പൊതു മേഖലാ സ്ഥാപനമായ HLL ന് എസ്റ്റിമേറ്റ് തുകയുടെ 4.9% കൺസൾട്ടൻസി ചാർജ്ജായി 4/2/2013-ൽ വർക്ക് ഓർഡർ നൽകിയതായി കാണുന്നു. ടി പ്രവർത്തിയുടെ ഭരണാനുമതി ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ 34-ാം ഗവേണിംഗ് ബോഡിയും സാങ്കേതികാനുമതി HLL ൽ 5.49 കോടി രൂപയ്ക്ക് നൽകിയതായിട്ടുണ്ട്. തുടർന്ന് HLL ദർഘാസുകൾ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്തിരുന്ന Cheeran Structurals എന്ന കരാറുകാർക്ക് 5.74 കോടി അടങ്കൽ തുകയ്ക്ക് നൽകിയ നിർമ്മാണ സൈറ്റ് 19/11/2013-ന് HLL ന് കൈമാറിയതായി കാണുന്നു. നിർമ്മാണ പ്രവർത്തികൾക്ക് കാലതാമസം ഉണ്ടായതിനാൽ പലതവണ കരാർ ദീർഘിപ്പിച്ച് നൽകിയതായി കാണുന്നു.

ഫയൽ രേഖകളിൽ നിന്നും ടി ഗാലറി കെട്ടിടം 26/2/2016-ന് ഉദ്ഘാടനം ചെയ്തതായി കാണുന്നു. എന്നാൽ യാതൊരു പ്രദർശിനിയും 2020 ആഗസ്റ്റ് മാസം വരെ നിർമ്മിക്കുകയോ സ്ഥാപിക്കുകയോ ചെയ്തില്ല. ഫയലിൽ നിന്നും 27/4/2018 (കെട്ടിടം ഉദ്ഘാടനം ചെയ്തിട്ട് രണ്ടുവർഷത്തിനു ശേഷം) കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ചോർച്ച ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തതായി കാണുന്നു. തുടർന്ന് ചോർച്ചയുള്ളതായി HLL-നെ 21/6/2018 ലും 27.6.2018 ലും അറിയിച്ചതായി കാണുന്നു. 2018 ആഗസ്റ്റ് മാസത്തെ പ്രളയ സമയത്ത് കടുത്ത ചോർച്ച ഉണ്ടാവുകയും ഫാൾസ് സീലിംഗ് ഉൾപ്പെടെ തകർന്ന് വീഴുകയും ചെയ്തിരുന്നു. എന്നാൽ കത്തിൽ ആരോപിക്കുന്നത് പോലെ ചോർച്ച പ്രളയസമയത്താണെന്ന് വരുത്താൻ ശ്രമിച്ചു എന്നതിന് ഫയലിൽ തെളിവുകൾ ഒന്നും കാണുന്നില്ല. HLL 10/10/2018 ന് ടി കെട്ടിടം 2016-ൽ പൂർത്തീകരിച്ചതാണെന്നും ഇപ്പോഴും ഏകദേശം 40 ലക്ഷത്തോളം തുക ലഭിക്കാൻ ഉണ്ടെന്നും ഇതിൽ നിന്നും 20 ലക്ഷം രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ടത് പ്രകാരം തുക നൽകിയതായും കാണുന്നു. പല ഗഡുക്കളായി HLL ന് ഏകദേശം 6,20,00,000 രൂപ നൽകിയതായി കാണുന്നുണ്ട്. തുടർന്ന് HLL ചോർച്ച പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കു

കയും ഫാൾസ് സീലിംഗ് പുനസ്ഥാപിക്കുകയും ചെയ്തു. എന്നാൽ തുടർന്ന് 2019 മുതൽ കെട്ടിടത്തിന്റെ ഉൾഭിത്തിയിൽ പലയിടത്തും dampness ഉള്ളതായി കാണുന്നുണ്ട്.

കത്തിൽ ആരോപിച്ചത് പോലെ ഗാലറി കെട്ടിടത്തിൽ പുറത്തേക്ക് ഒരു വാതിൽ മാത്രമെ ഉണ്ടായിരുന്നുള്ളു. അതുപോലെ ഒരു ഗാലറി യുടെ സ്ഥലം ഭാഗിച്ച് 3D തീയേറ്ററും ഇന്നവേഷൻ ഹബ്ബും ആക്കിയപ്പോൾ കെട്ടിടം തുറന്ന് പ്രവർത്തിക്കാൻ അധിക അഗ്നി സുരക്ഷാസംവിധാനങ്ങൾ ഉൾപ്പെടുത്തേണ്ടതായും വന്നു. പരാതിയിൽ ആരോപിച്ചതുപോലെ കുറച്ച് എക്സിബിറ്റ് കാബിനുകളും, 3 D തീയറ്ററിലും ഇന്നവേഷൻ ഹബ്ബിലും ഫാൾസ് സീലിംഗ് പൊട്ടിച്ച് എയർ കണ്ടീഷണറുകളും സ്ഥാപിച്ചിരുന്നു. എന്നാൽ ഈ എയർ കണ്ടീഷണറുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള വയറിംഗ് ജോലികൾ പോലും ചെയ്തിരുന്നില്ല.

2020 ആഗസ്റ്റ് മാസത്തിലെ പരിശോധനയിൽ ഗാലറികളിൽ സ്ഥാപിക്കാറുള്ള എക്സിബിറ്റുകൾ ഒന്നും തന്നെ നിർമ്മിച്ചതായി കണ്ടില്ല. കൂടാതെ 3 D തീയേറ്ററിലെ ഉപകരണങ്ങൾ സ്ഥാപിക്കാനുള്ള കരാർ അധികൃതരുടെ അനാസ്ഥമൂലം റദ്ദായി പോകുകയും ചെയ്തിരുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കാൻ HLL, ഹാബിറ്റാറ്റ് എന്നിവരെ കൊണ്ട് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഏതെങ്കിലും നടപടി സ്വീകരിച്ചതായി കണ്ടില്ല. തുടർന്ന് HLL നോട് dampness ശ്രദ്ധയിൽപ്പെട്ട സ്ഥലത്ത് ഭിത്തിയുടെ പുറം ഭാഗത്ത് ഒരു Exterior coating ചെയ്യാൻ 2020 നവംബറിൽ ആവശ്യപ്പെടുകയും 2021 ഫെബ്രുവരിയിലെ ഉദ്ഘാടനത്തിന് മുന്നോടിയായി ആ ജോലി ചെയ്യുകയുമുണ്ടായി. കെട്ടിടത്തിന് ചാലക്കുടി മുൻസിപ്പാലിറ്റിയിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ച് കിട്ടിയിട്ടുണ്ട്.

3. എൻട്രൻസ് ഗേറ്റ്, സെക്യൂരിറ്റി പോസ്റ്റ്, ടോയലറ്റ്, കഫറ്റേരിയ നിർമ്മാണവും അടിസ്ഥാന സൗകര്യവികസനവും

പരാതിയിൽ പറയുന്നതുപോലെ എൻട്രൻസ് ഗേറ്റ്, സെക്യൂരിറ്റി കാബിൻ മുതലായവയുടെ നിർമ്മാണ കരാർ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് അല്ല നൽകിയിരിന്നത്. കോമ്പൗണ്ട് വാൾ PMC ആയി നിർമ്മാണ കരാർ 22.42 ലക്ഷം രൂപയ്ക്ക് HLL ന് ഗാലറി കെട്ടിടത്തിന്റെ നിർമ്മാണ കരാറിനൊപ്പം നൽകി. ദർഘാസ് ക്ഷണിച്ച് ടി പ്രവർത്തി Leiyon Construction എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നു. ടി പ്രവർത്തി പൂർത്തിയാക്കിയിട്ടുണ്ട്. എൻട്രൻസ് ഗേറ്റ്, സെക്യൂരിറ്റി കാബിൻ തുടങ്ങിയ പ്രവൃത്തികൾ HLL ന് 43.32 ലക്ഷം രൂപയ്ക്ക് PMC ആയി അനുബന്ധ കരാർ നല്കുകയായി

രുന്നു. ദർഘാസിന് ശേഷം ശ്രീ. എം.ജെ. തങ്കച്ചൻ എന്നയാൾക്ക് 42.21 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് കരാർ നൽകിയതായി കാണുന്നു. ടി പ്രവർത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

ലാൻഡ് സ്കേപ്പിങ്ങ് ജോലികൾ, കഫറ്റേരിയയുടെ നിർമ്മാണം തുടങ്ങിയ ജോലികളാണ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് PMC യായി നൽകിയിരുന്നത്. എന്നാൽ ദർഘാസ് ക്ഷണിച്ചെങ്കിലും കരാറുകാരുടെ സാങ്കേതിക പരിജ്ഞാന കുറവു കാരണം കരാർ നൽകാൻ സാധിച്ചില്ല. തുടർന്ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ 2/7/2019 ൽ ചേർന്ന പുരോഗതി അവലോകന യോഗത്തിൽ ടി പ്രവർത്തികൾ ഹാബിറ്റാറ്റിന് Direct execution വ്യവസ്ഥയിൽ നൽകാൻ തീരുമാനിച്ചു. ആയതിൻ പ്രാകാരം ഹാബിറ്റാറ്റിന് വർക്ക് ഓർഡർ നൽകിയെങ്കിലും കോവിഡ് മൂലമുള്ള ലോക്ഡൗണും മറ്റ് പ്രശ്നങ്ങളും കാരണം പ്രവർത്തി മുടങ്ങി കിടക്കുകയായിരുന്നു.

2020 ആഗസ്റ്റിൽ മുടങ്ങികിടന്ന ഈ പദ്ധതിയെ പുനരുജ്ജീവിപ്പിച്ച് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുവാൻ സമഗ്രമായ പദ്ധതി ആവിഷ്ക്കരിക്കുകയും യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുകയും ചെയ്തു. ഗാലറി കെട്ടിടത്തിൽ 3D തീയേറ്റർ സ്ഥാപിക്കുകവഴി ആവശ്യമായി വന്ന അഗ്നിശമന അനുമതിക്കായുള്ള പ്രവർത്തികൾ സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നൽകുകയും അവർ സമയബന്ധിതമായി ടി പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. അധികമായി വാതിലുകളും പുറകുവശത്തായി പ്രത്യേക വാതിലുകളും സ്റ്റെയർകേസും ചെയ്യേണ്ടതായിവന്നു. 3D തീയേറ്ററിലെ ഉപകരണങ്ങളും കസേരകളും സമയബന്ധിതമായി ദർഘാസ് ക്ഷണിച്ച് വാങ്ങി സ്ഥാപിക്കുകയും 3D തീയേറ്റർ പ്രവർത്തന സജ്ജമാക്കുകയും ചെയ്തു.

ഗാലറികെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള ഗാലറി സ്പെയിസിലേക്ക് 24 എക്സിബിറ്റുകൾ നിർമ്മിച്ച് സ്ഥാപിക്കുന്നതിനുള്ള നടപടി സമയബന്ധിതമായി പൂർത്തീകരിച്ച് നടപ്പിലാക്കി. കൂടാതെ മുടങ്ങി കിടന്ന മിറർമെയ്സ് പ്രദർശിനിയും സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചു. മുകളിലത്തെ നിലയിൽ 40-ാളം പ്രദർശിനികൾ ഉള്ള മാത്തമാറ്റിക്സ് ഗാലറിയും സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചു.

കാടുകയറി തുരുമ്പിച്ച് കിടന്നിരുന്ന കുട്ടികളുടെ ശാസ്ത്രോദ്യാനം സമയബന്ധിതമായി പുനരുജ്ജീവിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചു. ടി പാർക്ക് കാടുമൂടി ചെളിക്കുണ്ടായാണ് കിടന്നിരുന്നത്. മഴവെള്ളത്തിന് പ്രത്യേക നിർഗമന മാർഗ്ഗങ്ങൾ സജ്ജമാക്കി അത്യാവശ്യം സൗന്ദര്യവൽക്കരണ പ്രവർത്തികളും സമയബന്ധിതമായി പൂർത്തിയാക്കി. പാർക്കും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ പ്രാപ്തമാക്കി. മുടങ്ങിക്കിടന്ന ലാൻഡ്സ്കേപ്പിംഗ് ജോലികളും കഫറ്റേരിയയുടെ നിർമ്മാണവും

ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ കൊണ്ട് നിർവ്വഹിക്കുകയും ടി പ്രവർത്തികളുടെ ആർ.എ ബില്ലുകൾ എം ബുക്കിൽ രേഖപ്പെടുത്തി ആവശ്യം വേണ്ടുന്ന സാക്ഷ്യപ്പെടുത്തലുകൾ സഹിതം നിയമാനുസൃതം പണം നൽകുകയും ചെയ്തു. ടി പ്രവർത്തികൾ 2021 ഫെബ്രുവരി മാസം ആദ്യ ആഴ്ച പൂർത്തിയായി. ടി പ്രർത്തിയുടെ ബില്ലുകൾ നിയമാനുസൃതമായി പരിശോധിച്ച് സെറ്റിൽ ചെയ്ത് ഇവ മ്യൂസിയം ഹാൻഡോവർ ചെയ്ത് വാങ്ങിയിട്ടുണ്ട്.

സി.റ്റി.ഇ യുടെ നിർദ്ദേശപ്രകാരം HLL നോട് ഗാലറി കെട്ടിടത്തിലെ dampness തീർക്കാനായി ആവശ്യപ്പെടുകയും അവർ ഭിത്തികളുടെ പുറത്ത് വാട്ടർ പ്രൂഫിംഗ് പോളിഷ് അടിക്കുകയും ചെയ്തു. എന്നാൽ ഈ വർഷത്തെ മഴയിലും ചിലയിടങ്ങളിൽ dampness പ്രത്യക്ഷപ്പെടുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്.

കൂടാതെ മേഖലാ ശാസ്ത്രകേന്ദ്രത്തിലെ വിവിധ വിഭാഗങ്ങൾക്ക് വൈദ്യുതി എത്തിക്കാനാവശ്യ മായ സബ്സ്റ്റേഷൻ കെട്ടിട നിർമ്മാണവും അനുബന്ധ ഉപകരണങ്ങളുടെ സ്ഥാപനവും വൈദ്യുതീകര ണവും കേരള പൊതുമേഖലാസ്ഥാപനമായ KEL ന് നൽകുകയും ടി പ്രവർത്തികൾ സമയബന്ധിത മായി പൂർത്തീകരിക്കുവാൻ സാധിക്കുകയും ചെയ്തു. അതിലേക്കാവശ്യമായ കെ.എസ്.ഇ.ബി. എച്ച്.റ്റി കണക്ഷൻ 2021 സെപ്റ്റംബർ തന്നെ ലഭ്യമാകും.

മേൽ വിവരിച്ച പ്രവർത്തികളും മറ്റ് അനുബന്ധ പ്രവർത്തികളും പൂർത്തീകരിച്ച് ചാലക്കുടി മേഖലാ ശാസ്ത്രകേന്ദ്രം 2021 ഫെബ്രുവരി മാസം 16-ാം തീയതി ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് നാടിന് സമർപ്പിച്ചു. തുടർന്ന് 2021 ഏപ്രിൽ മാസം വരെ സന്ദർശകരെ മേഖലാ ശാസ്ത്രകേന്ദ്ര ത്തിൽ പ്രവേശിപ്പിച്ചിരുന്നു. തുടർന്ന് കോവിഡ്-19 ലോക്ഡൗണും നിയന്ത്രണങ്ങളും കാരണം സന്ദർശ കരെ നാളിതുവരെയും അനുവദിച്ചിട്ടില്ല.

പരാതിയിലെ മറ്റു വ്യക്തിപരമായ ആരോപണങ്ങൾക്ക് അനുബന്ധമായ രേഖകൾ സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ ലഭ്യമല്ലാത്തതിനാൽ മറുപടി നൽകിയിട്ടില്ല.

ചാലക്കുടിയിലെ വിവിധ നിർമ്മാണ ജോലികൾ സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ തൃശൂർ ജില്ലാ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 2021 ജനുവരി 13-ാം തീയതി പരിശോധന നടത്തു കയും തുടർന്ന് ഫോണിൽ നിർദ്ദേശിച്ച പ്രകാരം ഇതു സംബന്ധമായി നൽകിയ കുറിപ്പിന്റേയും പകർപ്പും ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

വിശ്വസ്തതയോടെ
15/9/21
ഡയറക്ടർ

**Report on the Regional Science Centre Project under Kerala State Science & Technology Museum (KSSTM) submitted by Dr. G. P. Padmakumar, Director-in-Charge of KSSTM before the Deputy Superintendent of Police (Vigilance), Thrissur as per the instruction given by the Inspector of Police (Vigilance), Thrissur during the site visit on 13.01.2021.**

I have taken over the charge of Kerala State Science & Technology Museum (KSSTM) on 13.07.2020. I am submitting the below mentioned facts about the project from the observations in the file.

**Planetarium Building**

It is observed from the file that the Planetarium building was conceived by obtaining a conceptual report along with the relevant drawings from M/s. Habitat Technology Group on 27.06.2015 as per the direction from the then Director of KSSTM. Then a detailed estimate for the project was sought from M/s. Habitat on 10.07.2015 and accordingly M/s. Habitat submitted a detailed estimate amounting to Rs. 2.05 crores on 20.11.2015.

The Foundation stone for the building was laid on 26.02.2016. Subsequently, a revised plan and estimate (Total cost Rs. 1.9 crores) was submitted by M/s. Habitat on 05.02.2016. Based on the conceptual drawings submitted by M/s. Habitat, KSSTM entrusted M/s. LBS Centre for Science & Technology to have a structural design and the Structural design obtained from LBS was forwarded to M/s. Habitat on 20.05.2016. In accordance with that M/s. Habitat revised the estimate of the project as Rs. 1.55 crores and submitted to KSSTM on 10.06.2016. Then, Sri. Suresh Kumar S., the then Assistant Executive Engineer verified the Civil items of the estimate and Smt. Sreelatha K, Joint Director along with Sri. Cyril K Babu, Scientific Officer of KSSTM verified the electrical items of the estimate. Based on the recommendation of these officers, the then Director approved the estimate subject to incorporation of certain recommendations by the officers. Again M/s. Habitat submitted a revised estimate incorporating the suggestions of KSSTM for a total cost of Rs. 1,89,09,007/- on 17.10.2016.

The Standing Committee of KSSTM in its meeting held on 21.12.2016 decided to entrust the execution work of the Planetarium building to M/s. Habitat

28

and accordingly intimation was given to M/s. Habitat. It was observed from the file that on 01.02.2017 M/s. Habitat submitted a revised estimate for the project amounting to Rs. 1,99,51,289/- after reducing the overhead charges (Rs. 17851289/- for civil works and Rs. 21 lakhs for electrical works).

From the files available it was perceived that the original proposal for the Planetarium Building was conceived for having a horizontal dome. The original proposal was to utilize the old dome which was used in Planetarium at Thiruvananthapuram. The Structural drawings and estimate were prepared according to this only. On 22.02.2017 the then Asst. Executive Engineer of KSSTM had submitted a note to the Director, KSSTM pointing out the apprehensions regarding the use of the old Dome of Planetarium at Thiruvananthapuram. But the Joint Director as well as the Director have neglected the points raised by the Asst. Executive Engineer (Finally it was decided that the dismantled Dome cannot be used for the Chalakkudy Planetarium and the Accountant General has pointed out this issue during the audit).

During the financial year 2016-17, Administrative Sanction was issued for the project for Rs. 285 lakhs. Subsequently Technical Sanction was issued for the project on 21.03.2017. Based on the TS, Work Order was issued to M/s. Habitat for the project on 25.03.2017 with a completion period of 12 months either from the date of agreement or date of handing over the site whichever is later. The agreement for the project was executed on 29.03.2017 by allotting a completion period of 13 months. Meanwhile, again the Asst. Executive Engineer submitted a note to the Director through the Joint Director pointing out the hurdles in using the old dome for the project. From the file it is observed that the site was handed over to M/s. Habitat on 09.05.2017. M/s. Habitat started the project and vide their letter dt. 23.09.2017 sought certain clarification from KSSTM regarding the Dome support, which was submitted to the then Director with a note of the then Asst. Executive Engineer.

From the file, it is noted that the Director has given a remark to change the original proposal of using the old Horizontal dome to new tilted dome. With his remark the Director sought report from the Joint Director regarding the change.

Instead of giving a clear remark the Joint Director had expressed her views, which was in inclination with the decision of the Director to change the horizontal dome to tilted dome. The decision taken at that juncture resulted in the change of design, extension of column, increasing height of the building, change in fire protection etc. which were originally envisaged at the time of conceiving the building. As per the direction from KSSTM, M/s. Habitat modified the dome structure. Though the Asst. Executive Engineer at that point of time raised certain issues regarding the coasting etc. the Director ordered to keep in abeyance. Meantime, M/s. Habitat submitted a letter to KSSTM pointing out the delay in project execution due to the change in design. Though the letter was submitted in file, no decision was made timely by the Joint Director as well as the Director but has asked irrelevant queries in the file.

A meeting was held on 02.08.2018 at KSSTM with officials of M/s. Habitat Technology Group to review the progress of the work as well as the matters raised due to the change in design of the dome. After the meeting, M/s. Habitat sought extension of time for the completion of the project vide their letter dt. 09.08.2018. In the file, it is noticed that the Joint Director has given comments about the delay in execution of the project as per the agreement terms and suggested imposing penalty to the firm (while observing independently it can be understood that the delay at that time was happened only because of the wrong decision of the then Director and the Joint Director in utilizing the old dome of KSSTM, Trivandrum and subsequently changing it to tilted dome which has completely changed the design and resulted in unnecessary cost escalation. Though the Asst. Executive Engineer pointed out the apprehensions several times, the Joint Director and Director failed to take timely decision which would have saved considerable time and money). On 07.09.2018, M/s. Habitat submitted a letter seeking extension of time for the completion of the project up to 31.01.2019. Accordingly, supplementary agreement executed on 10.09.2018. M/s. Habitat submitted a letter to KSSTM on 22.11.2018 with a detailed schedule of time for the concreting works of the dome structure aiming to complete it on 10.01.2019. During this time, M/s. Habitat submitted letters seeking certain clarifications for the work, which has raised due to the change in dome. It is noticed that without taking decisions, then Deputy Director as well as the Joint Director delayed the progress

with irrelevant and baseless remarks which was pointed out by the then Director in his note in the file. In his remarks in the note file the then Director pointed out that the officers concerned were not taken timely decisions to move the project forward though the time of execution will expire on 31.01.2019. On 10.01.2019, the Asst. Executive Engineer had submitted a report pointing out the lapses occurred from KSSTM in preparing the details of the project which may hinder the timely progress of the works. On 16.01.2019, a meeting was held with officials of M/s. Habitat to discuss the details to be given from KSSTM and based on the minutes of the meeting M/s. Habitat submitted revised layout of the Planetarium on 24.01.2019. It was noticed from file that at that time, the joint Director has sought permission to the Director to discuss the matter with the Chief Technical Examiner of Govt. of Kerala. On 27.02.2019, M/s. Habitat vide their letter sought approval for false roofing and approval was given on 15.03.2019.

On 14.05.2019, M/s. Habitat again sought extension of time for the completion of the project referring that decision was not made till that date though they have informed that matter vide their letters dt. 26.02.2019, 21.03.2019, 15.03.2019 and 17.04.2019 as the extension of time expired on 31.01.2019. In response to that letter of M/s. Habitat the Director noted in the file that nothing is moving forward due to the failure of taking timely actions from the part of the officers concerned in KSSTM and taken decision to extend the agreement for completion of the project up to 30.09.2019. It was observed from the file that the approval for the flooring details etc. for the Planetarium was approved by the KSSTM officials on 15.06.2019 only after repeated requests from M/s. Habitat. On 25.06.2019 M/S. Habitat sought approval for the revised electrical drawings and subsequently the then Director noted in the file about the delay happening in issuing approvals from KSSTM alleging on Officials concerned. Meanwhile on 06.06.2019, M/s. Habitat submitted an estimate for the construction of an UG sump and allied works for a total cost of Rs. 19.5 lakh as an additional work (In the original proposal the plan was to utilize old horizontal dome so that the height of the building was calculated as below 10 meters. With that details the fire protection work requires only a 5000 litre overhead tank. But on changing the dome to tilted dome, the height of the building increased and as per fire protection rules there occured a requirement of an UG sump of 100000 litre capacity).

Though, with respect to the letter from Habitat approval was sought for the work in file, the Joint Director has given certain irrelevant remarks regarding the construction of the UG sump and delayed the file for almost 2 months and on 04.08.2019 submitted the file to the Director without any recommendations. After that approval was given for the construction of the UG Sump. M/s. Habitat on 05.08.2019 forwarded the structural drawing of the UG sump, layout section of support section of Planetarium (which has to be decided well in advance if there was no change in the dome ie. Horizontal to tilted). On 06.08.2019, the Director has decided to entrust the above said works as an additional work to M/s. Habitat and ordered to offer remarks of the officers on the above details. The Foreman and Asst. Executive Engineer had given their recommendations on 06.08.2019 itself regarding the Structural design and the Deputy Director submitted remarks on 13.08.2019. But the Joint Director without giving proper remarks on the item have raised unnecessary and silly things in the file and have not taken decision till 22.09.2019.

On 22.09.2019, M/s. Habitat submitted a letter with their apprehensions in completing the project within the agreement period pointing out the delay in issuing approval for the construction of UG sump, electrical estimates, filling of soil for the flooring of the Planetarium etc. Meanwhile, the Accounts Officer of KSSTM has also expressed his remarks pointing out the delay in taking decisions from the part of KSSTM and expressed that the progress of the work will be hindered due to the pending decisions from KSSTM. On 26.09.2019, the Asst. Executive Engineer conducted a site visit and submitted a report pointing out the reasons for the delay and requested interventions of the higher officials. Finally the Work Order for the above mentioned works was given to M/s. Habitat on 05.10.2019.

On 28.09.2019, M/s. Habitat requested for extension of time for the completion of the project with reasons mainly due to the delay happened in issuing permissions/approvals from KSSTM. It is observed in file that on 21.11.2019 the Joint Director has expressed remarks against the extension of agreement and asked to impose penalty as the work has not completed within the stipulated period (From the file it is noticed that the time period as per the

agreement expired on 30.09.2019. The KSSTM has given approval and Work Order for the construction of UG Sump for foundation dome structure etc on 05.10.2019 due to the delay happened from the part of the officials of KSSTM which is mainly due to the Joint Director ie. For 2 months. So after issuing Work Order on 05.10.2019, the Joint Director in the file made remarks that the work should have completed before 30.09.2019 and is in the opinion that penalty should be imposed.)

From the file it is noticed that on 19.03.2020, the Asst. Executive Engineer has given remarks in Note file regarding the works to be completed such as foundation of the drum structure, UG sump work, placing of overhead tank for fire safety etc. In response to that on 19.03.2020 the Joint Director who was in charge of the Director at that time expressed her concern that whether approval has given for the above said work (But the Work Order for the UG sump and allied works was issued on 05.10.2019 with the approval of the Joint Director)

On 16.06.2020, the Asst. Executive Engineer submitted a note regarding the leakage observed in the Planetarium building. In response to that the Joint Director, in charge of the Director had given a letter to M/s. Habitat that there is serious leakage in the dome structure and that occurred before the commissioning of the project. The copy of the same letter was forwarded to the Principal Secretary, Higher Education, Govt. of Kerala. It is observed from the file that no further action was taken in that file till 12.07.2020. The agreement was valid up to 30.09.2019 and was not extended till 12.07.2020.

On 13.07.2020, I have taken over the charge of the Director, KSSTM and subsequently gone through the files. On 18.08.2020, along with a Technical expert and KSSTM officials, I have visited the site to evaluate the stage of the work. On that day it was observed that the certain works are to be completed as per the schedule of work and estimate such as plastering of the dome, waterproofing of the dome, flooring works, painting works, ceiling works, toilet block works, electrification works, ramp and step construction for exit and entrance, final finishing works etc. The matter was discussed with the officials of M/s. Habitat and decided to give a reasonable extension of time for completing the

37

work. In consultation with M/s. Habitat, I have given an extension of time up to 15.11.2020 (almost 3 months) to complete the work and agreement was signed on 21.08.2020. Now the works were completed except fixing up an overhead water tank.

Regarding the letter of the Joint Director (in charge of the Director at that time), which was forwarded to the Principal Secretary, Higher Education and Chairman, Habitat, I am expressing my opinion as follows;

As per original schedule of work and estimate, the dome structure after concreting has to be plastered with cement mortar over the concrete and then have to apply a water proofing. When I visited the site on 18.08.2020, only the concreting work was done and the plastering and water proofing were done after that. To my surprise it was noticed that without doing plastering and water proofing work KSSTM has entrusted another agency to do acoustic panelling in the inside portion of the dome. The acoustic panelling work was done by using wooden reapers and nailing the reapers on the concrete. Without plastering this should not have been done and also M/s. Habitat has not handed over the building to KSSTM.

I am reporting the above matters as observed from the files.

18/1/21